## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.567 — 29.05.2019-ൽ മറുപടിയ്ക്ക്

### കെ.എസ്.എഫ്.ഇ. ശാഖകൾ

| ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.എഫ്.ഇ.യുടെ പുതിയ ശാഖകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ അംഗീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കെ.എസ്.എഫ്.ഇ യുടെ 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് നിർദ്ദേശ പ്രകാരം 101 പുതിയ ശാഖകൾ ആരംഭിക്കുന്നതിനു സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ശാഖകൾ ആരംഭിക്കുന്നത് എന്തെല്ലാം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ; | (ബി) | സാധ്യതാ പഠനങ്ങളുടെ അടിസ്ഥാനത്തിലാണ് പുതിയ ശാഖകൾ ആരംഭിക്കുന്നത്. തൊട്ടടുത്ത ശാഖയിൽ നിന്നുള്ള ദൂരം, നിർദ്ദിഷ്ട സ്ഥലത്തിന്റെ പ്രാധാന്യം ജനസംഖ്യ, പ്രദേശവാസികളുടെ പ്രധാന വരുമാന സ്രോതസ്സ്, അവിടെ പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട സ്ഥാപനങ്ങളുടെ എണ്ണം, തത്തുല്യ മേഖലയിൽ പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങൾ, ശാഖയുടെ പ്രവർത്തനത്തിന് ആവശ്യമായ കെട്ടിടത്തിന്റെ ലഭ്യത, സബ് രജിസ്ട്രാർ ഓഫീസ്, ട്രഷറി ഓഫീസ് എന്നിവയുടെ സാന്നിദ്ധ്യം എന്നിവയ്ക്ക് പുറമെ ബിസിനസ്സ് സാധ്യത തുടങ്ങിയ മാനദണ്ഡങ്ങൾ പരിഗണിച്ചാണ് പുതിയ ശാഖകൾ ആരംഭിക്കുന്നത്. |
| (സി) | സംസ്ഥാനത്തെ എല്ലാ നഗരസഭകളിലും ഗ്രാമപഞ്ചായത്തുകളിലും കെ.എസ്.എഫ്.ഇ. ശാഖയുണ്ടോ; അറിയിക്കുമോ; | (സി) | സംസ്ഥാനത്തിന്റെ എല്ലാ നഗര സഭകളിലും കെ.എസ്.എഫ്.ഇ ശാഖകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ശാഖകൾ ഇല്ല. |

| | | | |
|---|---|---|---|
| (ഡി) | കുലശേഖരപുരം ഗ്രാമപഞ്ചായത്തിൽ ശാഖ ആരംഭിക്കുന്നതിനുള്ള നിർദ്ദേശമുണ്ടോ; എങ്കിൽ പരിഗണന ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ? | (ഡി) | കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ കുലശേഖരപുരം ഗ്രാമ പഞ്ചായത്തിലെ പുതിയകാവിൽ കെ.എസ്.എഫ്.ഇയുടെ പുതിയ ശാഖ ആരംഭിക്കുന്നതിനു സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**